## പതിനാലാം കേരള നിയമസഭ

## പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 212 — 12/03/2020 -ലെ മറുപടിക്ക്.

## തൊഴിൽ നയം

ചോദ്യം

**ശ്രീ.കെ. രാജൻ**
**ശ്രീമതി. ഇ.എസ്.ബിജിമോൾ**
**ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ**
**ശ്രീ. വി.ആർ. സുനിൽ കുമാർ :**

മറുപടി

**ശ്രീ. ടി.പി.രാമകൃഷ്ണൻ**
**(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | കേരളത്തെ തൊഴിലാളി സൗഹൃദ സംരംഭക സംസ്ഥാനമാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടെ യാണോ തൊഴിൽ നയം നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | അതെ.<br>തൊഴിലുടമ-തൊഴിലാളി ബന്ധം ഊട്ടിയുറപ്പിച്ച് കേരളത്തെ ഒരു തൊഴിൽ സൗഹൃദ സംസ്ഥാനമാക്കി ശക്തിപ്പെടുത്തുന്നതും, അടിസ്ഥാന സൗകര്യ വിപുലീകരണവും സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള തൊഴിൽ നയത്തിലൂടെ ലക്ഷ്യമിടുന്നു. |
| (ബി) | സംസ്ഥാന തൊഴിൽ നയത്തിലെ കാതലായ അംശങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ; | (ബി) | (1) ഉത്പാദനക്ഷമതയിലൂന്നിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.<br>(2) തൊഴിലിൽ വൈദഗ്ധ്യം വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ വിഭാവനം ചെയ്യുക.<br>(3) മെച്ചപ്പെട്ട വേതനം ലഭിക്കത്തക്ക തൊഴിലവസരങ്ങളിൽ സ്ത്രീകൾക്ക് കൂടുതൽ അവസരം സൃഷ്ടിക്കുകയും അതിലൂടെ ലിംഗ സമത്വം ഉറപ്പു വരുത്തുകയും ചെയ്യുക.<br>(4) തൊഴിലാളികൾക്ക് ന്യായമായ വേതനം.<br>(5) തൊഴിലാളികളുടെ ആരോഗ്യ സുരക്ഷ, തൊഴിലിടങ്ങളിലെ വൃത്തിയും ശുചിത്വവും എന്നിവ ഉറപ്പുവരുത്തി തൊഴിലാളികൾക്ക് മികച്ച തൊഴിലന്തരീക്ഷം സൃഷ്ടി ക്കുക.<br>(6) വേതന സുരക്ഷ നടപ്പിലാക്കി തൊഴിൽ സമൂഹത്തിന് സേവന കാലയളവിലും അതിനു ശേഷവും സാമ്പത്തിക ഭദ്രതയും ആരോഗ്യസംരംക്ഷണവും ഉറപ്പുവരുത്തി |

| | | | |
|---|---|---|---|
| | | | ക്കൊണ്ട് തൊഴിലാളികളുടെ നിയമപരമായ അവകാശങ്ങളെ സംരക്ഷി ക്കുക.<br>(7) സംസ്ഥാനത്ത് സൗഹൃദ തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് തൊഴിൽ വകുപ്പിനെ സജ്ജമാ ക്കുക.<br>(8) സമസ്ത മേഖലയിലെയും തൊഴിലാളികൾക്ക് മാന്യമായ വേതനവും സാമൂഹ്യസുരക്ഷയും ഉറപ്പു വരു ത്തുക എന്നീ കാര്യങ്ങൾ സംസ്ഥാന തൊഴിൽ നയത്തിന്റെ പ്രധാന ലക്ഷ്യങ്ങളിൽപ്പെടുന്നു. |
| (സി) | സംസ്ഥാനത്തെ ഫാക്ടറികളുടെയും വ്യാപാര സ്ഥാപനങ്ങളുടെയും ഗ്രേഡിംഗ് ഏതൊക്കെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് നടപ്പാക്കുന്നതെന്ന് അറിയിക്കാമോ; | (സി) | ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പിന്റെ കീഴിലുള്ള ഫാക്ടറികളിൽ താഴെപറയുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് ഗ്രേഡിംഗ് നടപ്പാക്കുന്നത്.<br>1. മികച്ച തൊഴിൽ ദാതാവ്<br>2. തൊഴിലാളികളുടെ സംതൃപ്തി<br>3. സ്ഥാപനത്തിലെ മികവുറ്റ തൊഴിൽ അന്തരീക്ഷം<br>4.തൊഴിലും നൈപുണ്യവും വികസനത്തിന് സ്ഥാപനത്തിന്റെ പങ്കാളിത്തം<br>5. സ്ത്രീ സൗഹൃദ അന്തരീക്ഷം<br>6.തൊഴിലാളികൾക്ക് നൽകുന്ന ആരോഗ്യ പരിരക്ഷ<br>7. തൊഴിലാളികളുടെ സുരക്ഷിതത്വം<br>8. സുരക്ഷാ ക്രമീകരണങ്ങൾ.<br>കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, 1960 ന് കീഴിൽ വരുന്ന വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്ക് 2017 വർഷം മുതൽ ഗ്രേഡിംഗ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ താഴെ പറയുന്ന പൊതുമാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് ഗ്രേഡിംഗ് നൽകി വരുന്നത്. |

| | | | |
|---|---|---|---|
| | | | 1. മികച്ച തൊഴിൽ ദാതാവ്<br>2. സംതൃപ്തരായ തൊഴിലാളികൾ<br>3. മികവുറ്റ തൊഴിൽ അന്തരീക്ഷം<br>4.തൊഴിൽ നൈപുണ്യ - വികസന പങ്കാളിത്തം<br>5.സ്ത്രീ സൗഹൃദ അന്തരീക്ഷം<br>6.തൊഴിലാളികളുടെ ക്ഷേമം<br>7. തൊഴിലിടത്തിലെ സുരക്ഷ |
| (ഡി) | പ്രസ്തുത ഗ്രേഡിംഗിന്റെ അടിസ്ഥാനത്തിൽ മികച്ച ഗുണനിലവാരം പുലർത്തുന്ന ഫാക്ടറികൾക്കും സ്ഥാപനങ്ങൾക്കും അംഗീകാരം നല്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (ഡി) | ഉണ്ട്.<br>നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പ്രവർത്തന മികവ് വിലയിരുത്തി ഫാക്ടറികൾക്ക് ഡയമണ്ട്, പ്ലാറ്റിനം, ഗോൾഡ്, സിൽവർ, ബ്രോൺസ് എന്നിങ്ങനെ ഗ്രേഡിംഗ് നൽകി വരുന്നു.<br>കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് 1960 യുടെ കീഴിൽ വരുന്ന വ്യാപാര വ്യവസായ സ്ഥാപനങ്ങളിൽ, ഗ്രേഡിംഗിന്റെ അടിസ്ഥാനത്തിൽ മികച്ച ഗുണനിലവാരം പുലർത്തുന്ന സ്ഥാപനങ്ങൾക്ക് വജ്ര,സുവർണ്ണ,രജത എന്നീ ഗ്രേഡുകൾ നൽകിവരുന്നു. |
| (ഇ) | വിവിധ തൊഴിലാളി ക്ഷേമ പദ്ധതികളിലെ ക്ഷേമ പെൻഷനുകൾ കാലോചിതമായി വർദ്ധിപ്പിച്ച് നല്കിയിട്ടുണ്ടോ; വിശദമാക്കുമോ? | (ഇ) | ഉണ്ട്.<br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്ഷേമനിധി പെൻഷൻ തുക 01.06.2016 മുതൽ 1000/- രൂപയായും 01.04.2017 മുതൽ 1100/- രൂപയായും 01.04.2019 മുതൽ 1200/- രൂപയായും 01.04.2020 മുതൽ 1300/ രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ